"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ക്ഷീരവികസന വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഡയറി ലാബിലെ മൈക്രോബയോളജി വിഭാഗത്തിലെ VIDAS മെഷിന്റെ പ്രവർത്തനത്തിന് ആവശ്യമായ കമ്പ്യൂട്ടർ, സോഫ്റ്റ് വെയർ ഇവ വാങ്ങുന്നതിലേയ്ക്കായി അഡ്വാൻസ് ആയി തുക മാറി നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

സ.ഉ.(സാധാ) നം.139/2024/DD തീയതി,തിരുവനന്തപുരം, 15-10-2024

---

പരാമർശം:- 1. 07/08/2017-ലെ സ.ഉ.(പി) നം.102/2017/ധന.നമ്പർ ഉത്തരവ്

2. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 30.09.2024 തീയതിയിലെ DDDKER/1666/2023-SDL നമ്പർ കത്ത്

**ഉത്തരവ്**

ക്ഷീരവികസന വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഡയറി ലബോറട്ടറിയിലെ മൈക്രോബയോളജി വിഭാഗത്തിലെ Rapid pathogen detection (Salmonella, EColi, Staphylococcus aureus) ഉള്ള VIDAS എന്ന മെഷിന്റെ CPU, MONITOR ഇവ പ്രവർത്തനരഹിതമായതിനാൽ ടി മെഷിന്റെ പ്രവർത്തനത്തിന് ആവശ്യമായ കമ്പ്യൂട്ടർ, സോഫ്റ്റ് വെയറോടു കൂടി മാറ്റി വാങ്ങുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷ ലഭ്യമാക്കിയിരുന്നു.

പുതിയ കമ്പ്യൂട്ടർ, സോഫ്റ്റ് വെയറോടു കൂടി മാറ്റി വാങ്ങുന്നതിന് മെഷീന്റെ മാനുഫാക്ചറർ OEM ആയ BIOMERIEUX എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയെങ്കിലും അഡ്വാൻസ് ആയി തുക നൽകിയാൽ മാത്രമേ പാർട്സ് സപ്ലൈ ചെയ്യാൻ കഴിയുകയുള്ളു എന്ന് കമ്പനി അറിയിച്ചതായും ആകെ **<u>3,54,841/- (മൂന്ന് ലക്ഷത്തി അൻപത്തി നാലായിരത്തി എണ്ണൂറ്റി നാൽപ്പത്തിയൊന്നു രൂപ മാത്രം)</u>** രൂപയുടെ വർക്ക് ഓർഡർ തുക അഡ്വാൻസ് ആയി നൽകിയതിന് ശേഷം installation ഉൾപ്പെടെയുള്ള വർക്കുകൾ കൃത്യമായി ചെയ്ത് തരാമെന്നാണ് BIOMERIEUX സ്ഥാപനം അറിയിച്ചിരിക്കുന്നതായും 18/06/2024 ലെ ടെക്നിക്കൽ പർച്ചേസ്

കമ്മിറ്റികളിൽ ഈ വിഷയം ചർച്ച ചെയ്യുകയും അഡ്വാൻസ് ആയി തുക മാറി മൂന്നു മാസത്തിനുള്ളിൽ ക്രമീകരിച്ച് കമ്പനിക്കു നല്കാൻ തീരുമാനിട്ടുള്ളതായും (തീരുമാനം 8 c) പരാമർശം (2) പ്രകാരം ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ധനകാര്യ അധികാര പ്രത്യയോജനം സംബന്ധിച്ച സൂചന 1 -ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി സ്റ്റേറ്റ് ഡയറി ലാബിലെ മൈക്രോബയോളജി വിഭാഗത്തിലെ VIDAS എന്ന മെഷിന്റെ പ്രവർത്തനത്തിന് ആവശ്യമായ കമ്പ്യൂട്ടർ, സോഫ്റ്റ് വെയർ ഇവ വാങ്ങുന്നതിനാവശ്യമായ ആകെ **3,54,841/- രൂപ (മൂന്ന് ലക്ഷത്തി അൻപത്തി നാലായിരത്തി എണ്ണൂറ്റി നാൽപ്പത്തിയൊന്ന് രൂപ മാത്രം)** മെഷീന്റെ മാനുഫാക്ചറർ OEM ആയ BIOMERIEUX എന്ന സ്ഥാപനത്തിന് മുൻകൂറായി മാറി നൽകുന്നതിന്, ബജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കു വിധേയമായി ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷിബു.എ.റ്റി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Abhilash R P
Date: 15-10-2024 15:19:25

സെക്ഷൻ ഓഫീസർ